സർക്കുലർ

157/ NSS/ DHSE/ 2016 05/11/2016

വിഷയം: സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകളിലെ പ്രോഗ്രാം ഓഫീസർ നിയമനം - സംബന്ധിച്ച്

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിനുകീഴിൽ സംസ്ഥാനത്തെ അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച സ്വാശ്രയ എൻഎസ്എസ് യുണിറ്റുകളിൽ പ്രോഗ്രാം ഓഫീസർ ആയി ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പകരം ഹൈസ്കൂൾ അസിസ്റ്റന്റ്, ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകർ ലാബ് അസിസ്റ്റന്റ് മുതലായവർക്ക് ചുമതല നൽകി പ്രവർത്തിച്ചുവരുന്നതായി കണ്ടുവരുന്നു. പ്രോഗ്രാം ഓഫീസറുടെ കാലാവധി 3 വർഷമാണ് എന്നാൽ പല സ്കൂളുകളിലും ഒരു അധ്യയന വർഷത്തിൽ പല പ്രാവശ്യം പ്രോഗ്രാം ഓഫീസറെ മാറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻഎസ്എസ് മാനുവൽ പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപകരെ പ്രോഗ്രാം ഓഫീസറായി നിയോഗിക്കേണ്ടതും 3 വർഷം തുടർച്ചയായി ചുമതല വഹിക്കേണ്ടതുമാണ്. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ശുപാർശ ചെയ്യുകയാണെങ്കിൽ 2 വർഷംകൂടി കാലവധി നീട്ടിനൽകുന്നതാണ്. നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പ്രവർത്തനാനുമതി റദ്ദു ചെയ്യുന്നതാണ്.

എല്ലാ മേഖല കൺവിനർ/ ജില്ലാ/ പിഎസിമാരും ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതും മാനുവലിനു വിരുദ്ധമായി പ്രവർത്തിക്കുന്ന യൂണിറ്റുകളെ എൻഎസ്എസ് സെല്ലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്

പ്രോഗ്രാം കോ-ഓഡിനേറ്റർ